**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തീരദേശവാസികളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഉറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശവാസികൾ നടത്തുന്ന സമരം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം ഉറമുഖ നിർമ്മാണം മൂലം തീരശോഷണം ഉണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ബഹു.തിരുവനന്തപുരം ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്.<br><br>1. വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന തീരശോഷണ ത്തിന് ശാശ്വതപരിഹാരം കാണുക.<br>2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണം മൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തിരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.<br>3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി കൊണ്ട് പുനഃരധിവസിപ്പിക്കുക.<br>4. അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.<br>5. കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക.<br>6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരി ക്കുക.<br>7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യ ബന്ധന ഉറമുഖത്തിനും, കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയാ യിട്ടുള്ള വിഴിഞ്ഞം ഉറമുഖ നിർമ്മാണം നിർത്തിവെച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക. |

| | | | | |
|---|---|---|---|---|
| | | | | ഓഖി ദുരന്തത്തെ തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധു വീട്ടുകളിലും മാറി താമസിപ്പി ക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതി നായി 12-10-2022 ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധു വീട്ടുകളിലും താമസിക്കുന്നവർക്ക് ജില്ലാ ഭരണകൂടം നിശ്ചയിച്ച പ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചു കൊണ്ട് 01/09/2022 ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണം ആരംഭിച്ചു. രണ്ട് മാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്.<br><br>തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നു എന്ന ആക്ഷേപം പഠിക്കുന്നതിനായി 06/10/2022 ന് Central Water and Power Research Station (CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ.കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി Rectification നടപടികൾ ശുപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS) നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റു ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്ന തിലേക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചു.<br><br>തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യ ബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റി അനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി നൽകി വരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികൾ ഉണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻ പേർക്കും സൗജന്യ റേഷനും മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്. |
| | | | | |

| | | | |
|---|---|---|---|
| (ബി) | സമരസമിതിയുമായി നടത്തിയ ചർച്ചയിൽ സർക്കാരിന് മുന്നിൽ സമരസമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ ഏതൊക്കെ കാര്യങ്ങളിൽ സർക്കാർ അനുകൂല തീരുമാനം എടുത്തിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലം തീരശോഷണം ഉണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ബഹു.തിരുവനന്തപുരം ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്.<br><br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന തീരശോഷണ ത്തിന് ശാശ്വതപരിഹാരം കാണുക.<br>2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണം മൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തിരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.<br>3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി ക്കൊണ്ട് പുനഃരധിവസിപ്പിക്കുക.<br>4. അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.<br>5. കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക.<br>6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരി ക്കുക.<br>7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യ ബന്ധന തുറമുഖത്തിനും, കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയാ യിട്ടുള്ള വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവെച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.<br><br>ഓഖി ദുരന്തത്തെ തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധു വീടുകളിലും മാറി താമസിപ്പി ക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതി നായി 12-10-2022 ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധു വീടുകളിലും താമസിക്കുന്നവർക്ക് ജില്ലാ ഭരണകൂടം നിശ്ചയിച്ച പ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചു കൊണ്ട് 01/09/2022 ന് |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണം ആരംഭിച്ചു. രണ്ട് മാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്.<br><br>തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നു എന്ന ആക്ഷേപം പഠിക്കുന്നതിനായി 06/10/2022 ന് Central Water and Power Research Station (CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ.കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി Rectification നടപടികൾ ശുപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS) നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റ് ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്ന തിലേക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചു.<br><br>തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യ ബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റി അനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി നൽകി വരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികൾ ഉണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻ പേർക്കും സൗജന്യ റേഷനും മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്. |
| (സി) | സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ അംഗീകരിക്കാത്തതായിട്ടുള്ളവയുണ്ടോ; എങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ; | (സി) | സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ മണ്ണെണ്ണ വിതരണത്തിൽ തമിഴ് നാട് മാതൃക നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>തുറമുഖ നിർമ്മാണം നിർത്തിവെച്ച് പ്രദേശവാസികൾ ഉൾപ്പെടുന്ന സുതാര്യമായ പഠനം നടത്തുക എന്ന ആവശ്യത്തിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാനാ കില്ല എന്ന് അറിയിച്ചിട്ടുണ്ട്. തീരദേശ ജനതയെ വിശ്വാസത്തിൽ എടുത്തുകൊണ്ടു മാത്രമാണ് എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | തീരദേശ ജനതയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ മണ്ണെണ്ണ വിതരണത്തിൽ തമിഴ് നാട് മാതൃക നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>തുറമുഖ നിർമ്മാണം നിർത്തിവെച്ച് പ്രദേശവാസികൾ ഉൾപ്പെടുന്ന സുതാര്യമായ പഠനം നടത്തുക എന്ന ആവശ്യത്തിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാനാ കില്ല എന്ന് അറിയിച്ചിട്ടുണ്ട്. തീരദേശ ജനതയെ വിശ്വാസത്തിൽ എടുത്തുകൊണ്ടു മാത്രമാണ് എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ